
റിപ്പോർട്ട്



# മെത്രാൻകായലിൽ ആര് കൃഷിയിറക്കും?

വൻകിട ടൂറിസം പദ്ധതി നോട്ടമിട്ടിരിക്കുന്ന മെത്രാൻകായൽ സംരക്ഷിച്ച് അവിടെ കൃഷിയിറക്കണമെന്ന ആവശ്യത്തിന് മുന്നിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുകയാണ് കരിയിൽ കോളനി. പാരിസ്ഥിതിക – സാമൂഹിക പ്രശ്നങ്ങൾ കണക്കിലെടുത്ത് മെത്രാൻകായലിൽ ടൂറിസം പദ്ധതി വേണ്ടെന്നും കൃഷി തന്നെ വേണമെന്നുമുള്ള തീരുമാനത്തിലാണ് പരിസ്ഥിതി പ്രവർത്തകർ. വികസനത്തിന്റെ വൈരുദ്ധ്യങ്ങൾ മെത്രാൻകായലിലും ആവർത്തിക്കപ്പെടുന്നു.

റിപ്പോർട്ട്

**എസ്. ശരത്**

**നീർത്തടങ്ങൾ** ആവാസവ്യവസ്ഥയുടെ സംരക്ഷകരാണെന്നും ഭക്ഷ്യ സുരക്ഷക്കായി എന്ത് വിലകൊടുത്തും കൃഷി നിലനിർത്തേണ്ടതാണെന്നും കരിയിൽ കോളനിക്കാർ തിരിച്ചറിയുന്നുണ്ടാകില്ല. എന്നാൽ തങ്ങൾ പണിയെടുത്തിരുന്ന മെത്രാൻ കായൽ പാടശേഖരം കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഭൂമാഫിയയുടെ പക്കൽ എത്തിച്ചേർന്ന വഴികൾ അവർക്ക് കാണാപാഠമാണ്.

വൻകിട ടൂറിസം പദ്ധതി നോട്ടമിട്ടിരിക്കുന്ന മെത്രാൻകായൽ സംരക്ഷിച്ച് അവിടെ കൃഷിയിറക്കണമെന്ന ആവശ്യത്തിന് മുന്നിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുകയാണ് കരിയിൽ കോളനി. മെത്രാൻ കായലിനോട് ചേർന്ന് കിടക്കുന്ന, ദളിതരും പിന്നോക്ക വിഭാഗക്കാരും താമസിക്കുന്ന കരിയിൽ കോളനിക്കാർക്ക് നാടിന് വേണ്ടത് ടൂറിസം വ്യവസായമാണോ കൃഷിയാണോ എന്ന് വേർതിരിച്ചറിയാനുള്ള അവലോകന ശേഷി കുറവായിരിക്കാം. എന്നാൽ ദുരിതങ്ങൾ മാത്രം കായൽ കടന്നെത്തുന്ന ദ്വീപ് ജീവിതം അനുഭവങ്ങളിലൂടെ പകർന്ന് നൽകിയ അറിവിൽ നിന്നും അവർ കൊരുത്തെടുത്ത ചോദ്യങ്ങൾക്ക് മുന്നിൽ രാഷ്ട്രീയ പാർട്ടികൾക്കും പൊതുസമൂഹത്തിനും ഉത്തരം മുട്ടുകയാണ്. വർഷങ്ങളായി തങ്ങളുന്നയിക്കുന്ന അടിസ്ഥാന ആവശ്യങ്ങൾ പരിഗണിക്കാത്ത രാഷ്ട്രീയ നേതൃത്വങ്ങളും കോളനിയിലേക്ക് തിരിഞ്ഞുനോക്കാതിരുന്ന പൊതുസമൂഹവും ഇപ്പോൾ മെത്രാൻ കായലിൽ കൃഷി ചെയ്യണമെന്ന് പറയുമ്പോൾ ഏത് പക്ഷത്ത് നിൽക്കണമെന്ന് കോളനിക്കാർ സംശയിക്കുന്നു. മെത്രാൻകായൽ പാടങ്ങൾ തരിശിട്ട് ഭൂമികച്ചവടം നടത്തുന്നത് നേരിൽ കാണുകയും ഭൂവുടമകൾ കൃഷിയിൽ നിന്നും പിന്മാറിയതോടെ പണി നഷ്ടപ്പെടുകയും ചെയ്തവരാണ് കരിയിൽ കോളനിയിലുള്ളവർ. ഭൂമികച്ചവടത്തോളം ആദായകരമല്ല കൃഷിയെന്ന് ഭൂവുടമകൾ തീരുമാനിച്ചതോടെയാണ് കോളനിക്കാരുടെ ജീവിതവും വഴിതിരി



**അട്ടിപീടികയിൽ ബസ്സിറങ്ങി രണ്ട് കിലോമീറ്റർ ചെളിനിറഞ്ഞ വഴിയിലൂടെ നടന്നാൽ കരിയിൽ കോളനിയിലേക്കുള്ള കടത്തുപാലത്തിലെത്തും. തടികൊണ്ടുണ്ടാക്കിയ പാലം പലയിടത്തും പൊളിഞ്ഞുപോയതിനാൽ അപകടം വഴിയിൽ ആർക്കോ വേണ്ടി കാത്തിരിക്കുന്നുണ്ട്.**

ഞ്ഞത്. അതിജീവനത്തിനായി മറുകര താണ്ടിയ ഇവർ പലരും പതിയെ കൃഷിയിൽ നിന്നും അകന്നു. ചരിത്രപരമായ പിഴവുകൾ പുതിയ തൊഴിലിടങ്ങളിൽകൊണ്ടെത്തിച്ച ഇവരെ കൃഷിയിലേക്ക് തിരികെ വിളിക്കുമ്പോൾ അവരുടെ മൗലികമായ ചില ആവശ്യങ്ങൾ കൂടി തീർച്ചയായും പരിഗണിക്കേണ്ടിവരും.

ഒറ്റ മഴകൊണ്ട് മൂക്കറ്റം വെള്ളവും രോഗവും വന്ന് നിറയുന്ന, വഴിയും വെള്ളവും വെളിച്ചവുമെത്തിച്ചേരാത്ത കരിയിൽ കോളനി ഓരോ നിമിഷവും അതിജീവനത്തിനായുള്ള സഹനത്തിലാണ്. ഈ ദുരിതങ്ങൾക്ക് നടുവിൽ നിന്ന് നോക്കുമ്പോൾ മെത്രാൻകായലിലെത്തുന്ന ടൂറിസം പദ്ധതി മോചനമാർഗ്ഗമാകുമെന്ന് അവർ വിശ്വസിക്കുന്നത് സ്വാഭാവികം. നേരായവഴിയിൽ ഓട്ടം നിർത്തിയ ജീവിതത്തെ വരുന്ന വഴിയിലേക്ക് വഴിതിരിച്ചുവിടുകയാണ് കോളനിക്കാർ. വർഷങ്ങളായി തുടരുന്ന അവഗണനകളും കൃഷി ആദായകരമല്ലെന്ന ഭൂവുടമ പഠിപ്പിച്ച പാഠവും അവരെ എത്തിച്ചിരിക്കുന്നത് ഈ വഴിയിലാണ്. വലിയ സാമ്പത്തിക-സാമൂഹിക-പാരിസ്ഥിക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന മെത്രാൻകായൽ ടൂറിസം പദ്ധതി എതിർക്കപ്പെടുമ്പോൾ അവിടെ ഒരിക്കൽ കൃഷി ചെയ്തിരുന്ന കരിയിൽ കോളനിക്കാരുടെ അടിസ്ഥാന ആവശ്യങ്ങൾ കൂടി പരിഗണിക്കപ്പെടണമെന്ന യാഥാർത്ഥ്യത്തിലാണ് ഇപ്പോൾ എല്ലാവരും എത്തിനിൽക്കുന്നത്. കൃഷിഭൂമിയിൽ അവകാശമില്ലാത്ത ഈ കർഷക തെഴിലാളികളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെട്ടില്ലെങ്കിൽ കൃഷിചെയ്യണം എന്ന മുദ്രാവാക്യത്തിന് ആയുസ്സില്ലെന്ന് അനുഭവങ്ങൾ തന്നെ പറഞ്ഞുതരുന്നുണ്ട്. ഭൂവുടമകൾ കൃഷി ഉപേക്ഷിച്ചപ്പോഴാണ് കരിയിൽ കോളനിക്കാരും മറ്റ് പണികൾ തേടിപ്പോയത്. അതുകൊണ്ടുതന്നെ ഇപ്പോൾ അവർ ഉറച്ച തീരുമാനത്തിലാണ്, കൃഷി വന്നാലും ടൂറിസം വന്നാലും തങ്ങളുടെ ദുരിത ജീവിതത്തിന് മാറ്റമുണ്ടാകണം.

### കരിയിൽ കോളനിയുടെ അവസ്ഥ

കുമരകത്ത് നിന്നും നാല് കിലോമീറ്റർ അകലെ അട്ടിപീടിക വരെയാണ് ബസ്റൂട്ട്. അട്ടിപീടികയിൽ ബസ്സിറങ്ങി രണ്ട് കിലോമീറ്റർ ചെളിനിറഞ്ഞ വഴിയിലൂടെ നടന്നാൽ കരിയിൽ കോളനിയിലേക്കുള്ള കടത്തുപാലത്തിലെത്തും. തടികൊണ്ടുണ്ടാക്കിയ പാലം പലയിടത്തും പൊളിഞ്ഞുപോയതിനാൽ അപകടം വഴിയിൽ ആർക്കോ വേണ്ടി കാത്തിരിക്കുന്നുണ്ട്. പാലം കടന്നെത്തുന്നവരെ സ്വീകരിക്കുന്നത് കേരളത്തിലെ എല്ലാ ദളിത് കോളനികളിലുമുള്ള അയ്യൻകാളിയുടെയും അംബേദ്കറിന്റെയും അതേ ചിത്രങ്ങൾ. മാധ്യമപ്രവർത്തകരാണെന്ന് അറിഞ്ഞതോടെ കോളനിയിലുള്ളവർ തടിച്ചുകൂടി ഞങ്ങളുടെ സംഘത്തെ തടയുന്നു. മെത്രാൻകായൽ പ്രശ്നം സജീവ ചർച്ചയായതോടെ മാധ്യമങ്ങളെക്കൊണ്ട് പൊറുതിമുട്ടിയിരിക്കുകയാണ് കരിയിൽ കോളനിക്കാർ. പല മാധ്യമങ്ങളും കോളനിക്കാരുടെ ഭാഗം അവതരിപ്പിക്കാത്തതിന്റെ കടുത്ത പ്രതിഷേധവും അവർക്കുണ്ട്.

"ചാനലുകാരെല്ലാം പുറത്ത്നിന്നും വന്ന കൃഷിചെയ്യണമെന്ന് പറയുന്നവരെ മാത്രമാണ് എടുക്കുന്നത്. ഞങ്ങൾക്ക് പറയാനുള്ളത് ആരും കാണിക്കുന്നില്ല. പല നാട്ടിൽ കിടക്കുന്ന പരിസ്ഥിതി പ്രവർത്തകർ ഇവിടെ വന്ന് കൃഷി ചെയ്യണമെന്ന് പറഞ്ഞ് പോയിട്ട് കാര്യമില്ല. മുതലാളിമാർ കൃഷിഭൂമി വിറ്റ് പോയപ്പോൾ ഇവരെല്ലാം എവിടെയായിരുന്നു? നാല് വർഷം തരിശ് കിടന്നിട്ടും ആരും തിരിഞ്ഞ് നോക്കിയില്ലല്ലോ?" ഭാസ്കരൻ ചേട്ടൻ അമർഷത്തോടെ ചോദിച്ച്

നിർത്തി. പ്രതിഷേധക്കാരോട് കാര്യങ്ങൾ വിശദീകരിച്ച് മുന്നോട്ട് നീങ്ങി.

തിങ്ങിനിറഞ്ഞ് വീടുകളുള്ള കരിയിൽ കോളനി എല്ലാ മഴക്കാലത്തും വെള്ളത്തിനടിയിലാകും. മഴക്കാലമായാൽ കോളനി ഒന്നടങ്കം ഏതെങ്കിലും ദുരിതാശ്വാസ ക്യാമ്പിലേക്ക് ചേക്കേറും. കുടിവെള്ളമാണ് അതിലും വലിയ പ്രശ്നം. കോളനിക്കുള്ളിലേക്ക് പൈപ്പില്ലാത്തതിനാൽ പാലം കടന്നുപോയാണ് കുടിവെള്ളം ശേഖരിക്കുന്നത്. വണ്ടി വന്നില്ലെങ്കിൽ അതും മുടങ്ങി.

**തിങ്ങിനിറഞ്ഞ് വീടുകളുള്ള കരിയിൽ കോളനി എല്ലാ മഴക്കാലത്തും വെള്ളത്തിനടിയിലാകും. മഴക്കാലമായാൽ കോളനി ഒന്നടങ്കം ഏതെങ്കിലും ദുരിതാശ്വാസ ക്യാമ്പിലേക്ക് ചേക്കേറും. കുടിവെള്ളമാണ് അതിലും വലിയ പ്രശ്നം. കോളനിക്കുള്ളിലേക്ക് പൈപ്പില്ലാത്തതിനാൽ പാലം കടന്നുപോയാണ് കുടിവെള്ളം ശേഖരിക്കുന്നത്.**

**മെത്രാൻകായൽ**

തിങ്ങിക്കൂടി നിൽക്കുന്ന വീടുകൾക്കിടയിലൂടെ നടന്ന് വേണം മെത്രാൻ കായലിലെത്താൻ. കോളനിയുടെ തെക്കേ അറ്റത്ത് കണ്ണെത്താത്ത ദൂരം ഒരു വിസ്മയം പോലെ മെത്രാൻ കായൽ നീണ്ടുനിവർന്ന് കിടക്കുന്നു. നാല് വർഷം മുമ്പ് നെൽകതിരുകൾ പിടിച്ചുകെട്ടിയ കാറ്റ് ഇന്ന് കായൽ പരപ്പിൽ ഓളങ്ങളോടൊത്ത് ഒഴുകിനടക്കുന്നു.



സ്ഥലം പരിചയപ്പെടുത്താൻ ഒപ്പം വന്ന പാപ്പച്ചൻ ചേട്ടൻ കാര്യങ്ങൾ വിശദീകരിച്ചു.

"417 ഏക്കർ സ്ഥലമാണ് മെത്രാൻ കായൽ. തിരുവിതാംകൂർ രാജാവ് ഓർത്തഡോക്സ് സഭയിലെ മെത്രാപ്പൊലീത്തയ്ക്ക് നൽകിയ സ്ഥലമാണിത്. അങ്ങിനെയാണ് മെത്രാൻകായലെന്ന് പേര് വന്നത്. മെത്രാപ്പൊലീത്ത ഇടവകക്കാർക്ക് സ്ഥലം പാട്ടത്തിന് നൽകി. കുറേക്കാലം കഴിഞ്ഞ് ഭൂമി ഇടവകക്കാരുടെ സ്വന്തമായി. എല്ലാരും ചെറിയ ചെറിയ കരകളായി വിറ്റു. അങ്ങിനെ കൃഷിയുമില്ലാതായി. നാല് വർഷം തരിശ്കിടന്നിട്ട് ഇനി കൃഷി ചെയ്യാൻ കുറേ പണിയെടുക്കണം. മോട്ടോർ വച്ച് പമ്പിംഗ് നടത്തി കായൽ വറ്റിക്കണം. ദേ കൊടി കുത്തിയിരിക്കുന്നത് കണ്ടില്ലേ? ഇവിടെ കൃഷിചെയ്യണമെന്ന് ആവശ്യപ്പെട്ട് രാഷ്ട്രീയക്കാർ വന്ന് കുത്തീട്ട് പോയതാ. ഇതെല്ലാം മുതലെടുപ്പിന് വേണ്ടി കുത്തിയ കൊടികളാ. സമരത്തിൽ നിന്നും മാറണമെങ്കിൽ കാശുവേണമെന്ന് പറഞ്ഞ് മുതലാളിമാരെ പോയി കാണാനുള്ള തന്ത്രമാ. അല്ലാതെ ഈ രാഷ്ട്രീയക്കാർക്കൊന്നും ഇവിടെ കൃഷിചെയ്യണമെന്ന് യാതൊരു താത്പര്യവുമില്ല. ചുവന്നകൊടിക്കൊന്നും ഇപ്പോ പഴയ അർത്ഥമല്ല."

മെത്രാൻകായലിൽ കുത്തിയ കൊടി രാഷ്ട്രീയ പ്രഖ്യാപനമല്ലെന്ന് പാപ്പച്ചൻ ചേട്ടനും തിരിച്ചറിയുന്നു.

"മെത്രാൻകായലിനപ്പുറം ആർ ബ്ലോക്ക്. അതിന്റെ വടക്കായി ചിത്തര, റാണി കായലുകൾ. അതിനുമപ്പുറം കോട്ടയം നാട്ടികയിൽ നിന്നും കൊച്ചിയിലേക്കുള്ള പുതിയ കപ്പൽചാൽ. ആ കപ്പൽചാലുകൂടി കണ്ടിട്ടാ വലിയ വ്യവസായികൾ മെത്രാൻകായൽ വാങ്ങുന്നത്."

ജോണിചേട്ടൻ സ്ഥലവും സാഹചര്യവും വിശദീകരിച്ചു.

ഇടത്തോടുകൾകൊണ്ട് നിറഞ്ഞ കോളനിക്കുള്ളിലെ ഉഭയ ജീവിതങ്ങളിലൂടെ നടന്ന് തിരികെ മറുകര കടക്കാനുള്ള പാലത്തിനടുത്തെത്തി.

"ഞങ്ങളുടെ കാര്യം കൂടി എഴുതണം. 30 വർഷം മുമ്പ് കുട്ടനാടിന്റെ വെള്ളം കേറുന്ന പലസ്ഥലങ്ങളിൽ നിന്നും നാല് സെന്റ് സ്ഥലം നൽകി ഇവിടേക്ക് ഞങ്ങളെ കൊണ്ടുവരുക



മെന്നും ആവശ്യപ്പെട്ട് ആരംഭിച്ച ഇവരുടെ സമരത്തിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രാദേശിക ഘടകങ്ങളുടെ പിന്തുണ വളരെ വേഗം ലഭിച്ചു. കൃഷി വകുപ്പിന്റെയും മന്ത്രിയുടെയും ഉറച്ച പിന്തുണയും കിട്ടി. കുമരകം പഞ്ചായത്ത് പദ്ധതിയോടുള്ള എതിർപ്പ് അറിയിച്ചുകഴിഞ്ഞു. 3000 കോടിരൂപയുടെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വളഞ്ഞ വഴികളാണ് ഇപ്പോൾ സംരംഭകർ തിരയുന്നത്.

2009 സെപ്റ്റംബർ 25ന് ആണ് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റാക് ഇൻഡൊ കുമരകം റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ് പദ്ധതിയുടെ റിപ്പോർട്ട് സമർപ്പിച്ചത്. പട്ടാറ ഗ്രൂപ്പാണ് മെത്രാൻകായൽ പദ്ധതിക്ക് റാക് ഇൻഡൊയുടെ പങ്കാളി. മന്ത്രിസഭയുടെ അനുമതി കിട്ടില്ലെന്ന് ഉറപ്പായിട്ടും നിയമങ്ങൾ കാറ്റിൽ പറത്തി പദ്ധതി നടപ്പാക്കാനുള്ള അക്ഷീണ പരിശ്രമ

**ദേ കൊടി കുത്തിയിരിക്കുന്നത് കണ്ടില്ലേ? ഇവിടെ കൃഷിചെയ്യണമെന്ന് ആവശ്യപ്പെട്ട് രാഷ്ട്രീയക്കാര് വന്ന് കുത്തിട്ട് പോയതാ. ഇതെല്ലാം മുതലെടുപ്പിന് വേണ്ടി കുത്തിയ കൊടികളാ. സമരത്തിൽ നിന്നും മാറണമെങ്കിൽ കാശുവേണമെന്ന് പറഞ്ഞ് മുതലാളിമാരെ പോയി കാണാനുള്ള തന്ത്രമാ. അല്ലാതെ ഈ രാഷ്ട്രീയക്കാർക്കൊന്നും ഇവിടെ കൃഷിചെയ്യണമെന്ന് യാതൊരു താത്പര്യവുമില്ല. ചുവന്നകൊടിക്കൊന്നും ഇപ്പോ പഴയ അർത്ഥമല്ല.**

യായിരുന്നു. പിന്നെ ഒരു പുരോഗതീം ഉണ്ടായിട്ടില്ല. കൃഷിയോ പോയി. ടൂറിസം വന്നാലെങ്കിലും ഞങ്ങളൊന്ന് പച്ചപിടിച്ചോട്ടെ.'' യാത്ര പറയുന്നതിന് മുമ്പ് പാപ്പച്ചൻ ചേട്ടൻ പറഞ്ഞ് നിർത്തി.

വിമാനത്താവളവും ഗോൾ കോഴ്സുമുള്ള ടൂറിസം പദ്ധതി തൊട്ടടുത്തുള്ള നീർത്തടം നികത്തിക്കൊണ്ടുവന്നാൽ ഒരു കോളനിയും പച്ചപിടിക്കില്ലെന്ന തിരച്ചറിവിൽ നിന്നും ദുരിതങ്ങൾ അവരെ ഏറെ പിന്നിലാക്കിയിരിക്കുന്നു.

**മെത്രാൻകായൽ പ്രശ്നം**

കുട്ടനാടും വേമ്പനാട് കായലും ആവർത്തിച്ച് ഏറ്റുവാങ്ങുന്ന പാരിസ്ഥിതിക ദുരന്തങ്ങൾക്ക് തടയിടണമെന്ന് ഉറച്ച തീരുമാനമെടുത്ത പ്രാദേശിക പരിസ്ഥിതി പ്രവർത്തകരാണ് മെത്രാൻകായൽ കൈയ്യേറ്റത്തെ സജീവ പ്രശ്നമാക്കിമാറ്റിയത്. മെത്രാൻകായൽ നികത്തി പണിയാൻ പോകുന്ന ടൂറിസം പദ്ധതി ഉപേക്ഷിക്കണമെന്നും കൃഷി ചെയ്യാനുള്ള അവകാശം വേണ



ത്തിലാണ് വ്യവസായ വകുപ്പ്. എന്നാൽ ജനകീയ സമരത്തെ തുടർന്ന് ഭൂമിപിടിച്ചെടുത്ത് കൃഷി ചെയ്യാനുള്ള ആലോചനയിലാണ് കൃഷി-റവന്യൂ വകുപ്പകൾ. നെൽവയൽ നീർത്തട സംരക്ഷ നിയമത്തിന്റെ പിൻബലമാണ് മെത്രാൻകായൽ സംരക്ഷണ സമരത്തിന് പിന്നിലെ പ്രധാന ശക്തി. അതുകൊണ്ടുതന്നെ മന്ത്രിസഭയുടെ അനുമതിയുണ്ടെങ്കിൽ പോലും നിയമപരമായി ഈ പദ്ധതിക്ക് മുന്നോട്ട് പോകാൻ പ്രയാസമുണ്ടെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. സംസ്ഥാനത്തിന്റെ നെല്ലുൽപാദനം കുറയുകയും ഭക്ഷ്യപ്രതിസന്ധി രൂക്ഷമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു കൃഷിയിൽ നിന്നും ശരാശരി 10,500 ക്വിന്റൽ നെല്ല് കിട്ടുന്ന മെത്രാൻകായൽ പാടശേഖരം കൃഷി ചെയ്യേണ്ടത് ഒരു സാമൂഹിക ആവശ്യമായി മാറേണ്ടതുണ്ട്.

കുട്ടനാടിന്റെയും വേമ്പനാട് കായലിന്റെയും നിലനിൽപ്പിന് ടൂറിസവും കൈയ്യേറ്റങ്ങളും ഇപ്പോൾ തന്നെ വലിയ ഭീഷണിയാണുയർത്തുന്നത്. അതിന്റെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ പലതും നാട്ടുകാർ ഇപ്പോൾ അനുഭവിക്കുന്നുണ്ട്. ആ സാഹചര്യത്തിൽ ഇനിയും ടൂറിസത്തിന്റെ പേരിൽ ഇത്രവലിയൊരു പദ്ധതി കുമരകത്തിന് വേണോ എന്ന ചോദ്യവും ശക്തമാകുന്നു. ജൈവവൈവിദ്ധ്യത്തിന്റെ കലവറയായ ഈ റാംസർ മേഖല സംരക്ഷിക്കുക എന്നത് ഭൂമിയിലെ എല്ലാ മനുഷ്യന്റെയും ജീവാവകാശങ്ങൾ സംരക്ഷിക്കുന്നതിന് തുല്യമാണെന്ന ബോധ്യംകൂടി  ഉണ്ടെങ്കിൽ മാത്രമേ കുട്ടനാടിന് നാളെയുടെ വർത്തമാനങ്ങളിൽ ഇടം ലഭിക്കൂ.

പാരിസ്ഥിതിക-സാമൂഹിക പ്രശ്നങ്ങൾ കണക്കിലെടുത്ത് മെത്രാൻകായലിൽ ടൂറിസം പദ്ധതി വേണ്ടെന്നും കൃഷിതന്നെ വേണമെന്നുമുള്ള  നിഗമനങ്ങളിൽ പരിസ്ഥിതി പ്രവർത്തകരും കൃഷിവകുപ്പും തദ്ദേശഭരണകൂടവും രാഷ്ട്രീയ കക്ഷികളും എത്തിച്ചേരുന്നുണ്ടെങ്കിലും ആര് കൃഷിയിറക്കുമെന്ന കരിയിൽ കോളനിക്കാരുടെ ഒറ്റ ചോദ്യം ചോദ്യമായിതന്നെ അവശേഷിക്കുകയാണ്. മെത്രാൻകായലിലെ ചേറിലിറങ്ങി തഴക്കമുള്ള കോളനിക്കാരുടെ പങ്കാളിത്തം കൂടിയില്ലെങ്കിൽ കൃഷിക്കായുള്ള മുന്നേറ്റം ഫലപ്രാപ്തിയിലെത്താതെ പോകുമെന്ന യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കാനുള്ള തയ്യാറെടുപ്പിലാണ് മെത്രാൻകായൽ സമര പ്രവർത്തകർ.